**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 259** **13-07-2022 - ൽ മറുപടിയ്ക്ക്**

**തൊട്ടറിയാം പി.ഡബ്ള്യൂ.ഡി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിനെ ജനകീയമാക്കുന്നതിനും സുതാര്യത ഉറപ്പാക്കുന്നതിനുമായി ആരംഭിച്ച തൊട്ടറിയാം പി.ഡബ്ള്യൂ.ഡി. എന്ന പേരിലുള്ള പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | തൊട്ടറിയാം പി.ഡബ്ല്യു.ഡി എന്ന ഓൺലൈൻ പ്രോജക്റ്റ് മോണിട്ടറിംഗ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം, നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ച് പൊതുമരാമത്തു വകുപ്പിൽ നടപ്പാക്കിവരുന്നു. ഇതിന്റെ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നിലവിൽ പൂർത്തീകരിച്ച ഭാഗങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള സോഫ്റ്റ്‌വെയറിന്റെ ഒന്നാമത്തെ വേർഷൻ പൊതുമരാമത്തു വകുപ്പിന്റെ ഉപയോഗത്തിനായി www.thottariyaampwd.kerala.gov.in എന്ന വെബ് അഡ്രസ്സിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ ഈ സിസ്റ്റത്തിൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കും, പൊതുജനങ്ങൾക്കും, കരാറുകാർക്കും, ജില്ലാ കലക്ടർമാർക്കും, നിയമസഭാ സാമാജികർക്കും പദ്ധതി പുരോഗതി വിലയിരുത്താനും ഏകോപിപ്പിക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കും ലോഗിൻ ചെയ്ത് പദ്ധതി പുരോഗതി വിലയിരുത്താനും, പദ്ധതി നിർവ്വഹണത്തിൽ തങ്ങളുടെ അഭിപ്രായങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുവാനും സാധിക്കും. |
| (ബി) | നിലവിലുള്ള ഓരോ പദ്ധതിയും ആരംഭിക്കുന്നതുമുതൽ പൂർത്തിയാകുന്നതുവരെയുള്ള ഓരോ ഘട്ടവും ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതി വഴി സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | നിലവിലുള്ള ഓരോ പദ്ധതിയും ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതുവരെയുള്ള ഓരോ ഘട്ടവും ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പ്രസ്തുത പദ്ധതി വഴി സാധിക്കും. ഇതിനായി പദ്ധതിയുടെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ഈ പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും അതിന്റെ ആനുകാലിക പുരോഗതിയുടെ സ്ഥിതിവിവരവും സമയാസമയം രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ പ്രൈസ് **സോഫ്റ്റ്‌വെയ**റുമായി ബന്ധപ്പെടുത്തിയിരിക്കുന്നതിനാൽ പ്രൈസ് **സോഫ്റ്റ്‌വെയ**റിൽ പദ്ധതിയുടെ ഘട്ടങ്ങൾ |

| | | | |
|---|---|---|---|
| | | | മാറുന്നതനുസരിച്ച്, തൊട്ടറിയാം പി.ഡബ്ല്യു.ഡി-യിലും പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരങ്ങൾ അപ്ഡേറ്റ് ആകുന്നതാണ്. |
| (സി) | നിശ്ചയിച്ച സമയക്രമത്തിനുള്ളിൽ പദ്ധതികൾ പൂർത്തിയാകുന്നുണ്ടോ എന്നും പദ്ധതികൾ സംബന്ധിച്ച വിവിധ രേഖകളും നിർമ്മാണ പുരോഗതി സംബന്ധിച്ച ചിത്രങ്ങളും വീഡിയോകളും യഥാസമയം പൊതുജനങ്ങൾക്ക് കാണുന്നതിനും വിലയിരുത്തുന്നതിനും കഴിയുന്നതിലൂടെ പൊതുമരാമത്ത് ജോലിയുടെ വിശ്വാസ്യതയും സ്വീകാര്യതയും വർദ്ധിപ്പിക്കാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | തൊട്ടറിയാം പി.ഡബ്ല്യു.ഡി എന്ന ഓൺലൈൻ പ്രോജക്റ്റ് മോണിട്ടറിംഗ് ആൻഡ് മാനേജ്മെന്റ് സിസ്റ്റത്തിൽ പദ്ധതിവിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അപ്ഡേറ്റ് ചെയ്യുന്ന പ്രവർത്തനങ്ങൾ ആണ് ഇപ്പോൾ നടന്നുവരുന്നത്. ഇതിനായി എല്ലാ ഉദ്യോഗസ്ഥർക്കും ട്രെയിനിംഗ് കൊടുത്തിട്ടുണ്ട്. ഇതു ഉപയോഗിച്ചുള്ള പദ്ധതി അവലോകനം ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിവിധ രേഖകളും നിർമ്മാണ പുരോഗതി സംബന്ധിച്ച ചിത്രങ്ങളും വീഡിയോകളും യഥാസമയം പൊതുജനങ്ങൾക്ക് കാണുന്നതിനും വിലയിരുത്തുന്നതിനും കഴിയുന്നതിലൂടെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശ്വാസ്യതയും സ്വീകാര്യതയും വർദ്ധിപ്പിക്കാൻ കഴിയും. |
| (ഡി) | പ്രസ്തുത പദ്ധതിയോട് ജനങ്ങളുടെ സഹകരണവും പ്രതികരണവും എങ്ങനെയാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയോട് ജനങ്ങളുടെ ഭാഗത്തുനിന്നും വളരെ നല്ല പ്രതികരണമാണ് കാണുന്നത്. പദ്ധതികളിൽ ജനങ്ങൾ അവരുടെ പ്രതികരണം ഈ ഓൺലൈൻ സോഫ്റ്റ്‌വെയറിലൂടെ രേഖപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ